## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **10-10-2024 - ൽ മറുപടിയ്ക്ക്**

## തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളികളുടെ അടിസ്ഥാന ജീവിത ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും ഉപഭോക്തൃവില സൂചികയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള വിവിധ തൊഴിൽ മേഖലകളിൽ അടിസ്ഥാന വേതനത്തിന് പുറമെ ക്ഷാമബത്തയും നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന വ്യത്യസ്ത ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് ഓരോ മേഖലയ്ക്കും ക്ഷാമബത്ത നിശ്ചയിച്ചിട്ടുള്ളത്. ഉപഭോക്തൃ വില സൂചികയുടെ പോയിന്റ് വർദ്ധിക്കുന്നതനുസരിച്ച് ക്ഷാമബത്തയിലും വർദ്ധനവുണ്ടാകുന്നു. 2011-12=100 എന്ന നിലവിലെ ഉപഭോക്തൃ വില സൂചികയിൽ 2023 ജനുവരി മുതൽ 2024 ജൂലൈ വരെ 12 പോയിന്റിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്യുമ്പോൾ തൊഴിലാളികളുടെ അടിസ്ഥാന ജീവിത ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും ഉപഭോക്തൃ വില സൂചികയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റവും മിനിമം വേതന ഉപദേശക സമിതി പരിഗണിയ്ക്കാറുണ്ട്. |
| (ബി) | മിനിമം വേജസ് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ പ്രതിദിന വേതനം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 1948-ലെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതും മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള വിവിധ തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന വേളയിൽ അടിസ്ഥാന ജീവിത ചെലവുകൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ പ്രതിദിന വേതനം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള ഒട്ടു മിക്ക മേഖലകളിലും പ്രതിദിന വേതനം 700 രൂപയ്ക്ക് മുകളിൽ വരത്തക്കവിധത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. മിനിമം വേതന കാലാവധി കഴിയുന്ന തൊഴിൽ മേഖലകളുടെ |

| | | | |
|---|---|---|---|
| | | | മിനിമം വേതനം കാലോചിതമായി പുതുക്കി നിശ്ചയിക്കാറുമുണ്ട്. |
| (സി) | മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമഗ്ര സർവേ നടത്തുന്നതിന് സർക്കാർ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് സർവ്വേ പൂർത്തിയാക്കാനുദ്ദേശിക്കുന്നതെന്നു വിശദീകരിക്കുമോ; | (സി) | 1948-ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കുന്നതിന് 2023-24 അടിസ്ഥാന വർഷം കണക്കാക്കി ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനായി തൊഴിൽ വകുപ്പ്, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, വ്യവസായ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിൽ നിന്നും, മിനിമം വേജസ് അഡ്വൈസറി ബോർഡിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടും, കൂടാതെ, വിവിധ തൊഴിൽ മേഖലകളിലെ തൊഴിലുടമാ-തൊഴിലാളി പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടും 23/09/2024 തീയതിയിലെ സ.ഉ.(കൈ)നം.34/2024/തൊഴിൽ പ്രകാരം എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ചെയർമാനായുള്ള സംസ്ഥാനതല കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് റിവിഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഐ. ടി. മേഖലയിലും, ഐ. ടി. അനുബന്ധ മേഖലകളിലും തൊഴിലെടുക്കുന്നവരുടെ സേവന വേതന കരാറുകൾ കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായ പൊതുവായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും, ഐ.ടി. അനുബന്ധ മേഖലകൾക്കും ബാധകമായിട്ടുള്ളതിനാൽ ടി മേഖലയിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ മറ്റ് മേഖലകൾക്ക് സമാനമായി തൊഴിൽ നിയമങ്ങളിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതാണ്. തൊഴിൽ നിയമലംഘനങ്ങൾക്ക് പരിഹാരം കാണുന്നതിനും ടി നിയമങ്ങളിൽ വ്യവസ്ഥയുണ്ട്.<br><br>കേരള സംസ്ഥാനത്തെ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും, 18.12.2020-ലെ സ.ഉ. (അച്ചടി) നം. 95/2020/തൊഴിൽ. പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ